# നാം ഭോഷരോ ജ്ഞാനിയോ

## സദൃശ്യവാക്യങ്ങൾ 12:15

**"ഭോഷന്നു തന്റെ വഴി ചൊവ്വായ്തോന്നുന്നു; ജ്ഞാനിയോ ആലോചന കേട്ടനുസരിക്കുന്നു."**

ഒരു യഥാർഥ ജ്ഞാനിയായിത്തീരുന്നതിന് ആ വ്യക്തി ലോകത്തിന്റെ ദൃഷ്ടിയിൽ വിഡ്ഢിയായിത്തീരണം, എന്തെന്നാൽ "ഈ ലോകത്തിന്റെ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്വമത്രേ." ലോകത്തിന്റെ കാഴ്ചപ്പാടിൽ ആധുനിക മനുഷ്യൻ നാൾക്കുനാൾ വളരുകയാണ്, അറിവ് നേടുകയാണ്, ചിന്താ രീതിയും, കാഴ്ചപ്പാടും പുരോഗമിക്കുകയാണ്. പ്രിയമുള്ളവരേ, ദൈവം തിരഞ്ഞടുക്കുന്നത് ലൗകിക ജ്ഞാനികളെയല്ല, അറിവില്ലാത്ത വ്യക്തികൾ, വിഡ്ഢികൾ എന്നിങ്ങനെ നിസ്സാരമായി വീക്ഷിക്കപ്പെടുന്നവരെയാണ്. ശിഷ്യന്മാരുടെ തിരഞ്ഞെടുപ്പ് നമുക്ക് അറിയാം, ഒരു യോഗ്യതയും ഇല്ലാത്ത മുക്കുവരെയാണ് അവിടുന്ന് വിളിച്ചത്. ആ ശിക്ഷ്യന്മാരെ ആണ് അവിടുന്ന് പിന്നീട് അപ്പൊസ്തൊലരായി ഉയർത്തിയത്. "ശിഷ്യൻ" എന്ന വാക്കിന്റെ അർത്ഥം "വിദ്യാർത്ഥി" അല്ലെങ്കിൽ അനുഗമിക്കുന്നവൻ എന്നാണ്. "അപ്പൊസ്തലൻ" എന്ന വാക്കിന്റെ അർത്ഥം "അയക്കപ്പെട്ടവൻ" എന്നാണ്. യേശു ലോകത്തിൽ ഉണ്ടായിരുന്നപ്പോൾ 12 ശിക്ഷ്യന്മാരെയും പരിശീലിപ്പിച്ചു, പിന്നീട് സ്വർഗ്ഗാരോഹണത്തിനു ശേഷം തന്റെ ശിഷ്യന്മാരെ സാക്ഷികൾ ആകുവാൻ പറഞ്ഞയച്ചു (**മത്തായി 28: 18–20; പ്രവർത്തികൾ 1: 8**). അതിനു ശേഷം ഇവർ അപ്പൊസ്തലർ എന്നാണ് അറിയപ്പെട്ടിരുന്നത്. അവർ ദൈവലോചനപ്രകാരമാണ് ചലിച്ചതും, പ്രവർത്തിച്ചതും.

ഇന്ന് ദൈവ മക്കൾ എന്ന് വിളിക്കുന്ന നാം ദൈവലോചനപ്രകാരമാണോ ജീവിക്കുന്നത്? ആരാണ് നമ്മെ നിയന്ത്രിക്കുന്നത്. ഇന്നത്തെ തലമുറ ശാസ്ത്രസാങ്കേതിക വിദ്യകളിലും, ടെലിവിഷൻ സംസ്കാരത്തിനും അടിമപ്പെട്ടു പോയിട്ടുണ്ടോ എന്ന് നാം ചിന്തിക്കണം. ശൗലിനു സംഭവിച്ചത് നമുക്ക് അറിയാം, ദൈവലോചനക്കു വിരോധമായി അവൻ പ്രവർത്തിച്ചു (**1 ശമൂവേൽ 13:8–13**). ഞാൻ വരുന്നതുവരെ നീ കാത്തിരിക്കണമെന്ന് ശമൂവേൽ പറയുന്നു, യാഗം അതിനു ശേഷം കഴിക്കാമെന്നു പറയുന്നു. എന്നാൽ നിസ്സാരം പോലെ, ദൈവാത്മാവ് പറഞ്ഞ പ്രവചന ശബ്ദത്തെ അനുസരിക്കാതെ, യാഗം കഴിക്കുവാനായിട്ടു ശൗൽ ഒരുങ്ങി. സ്വന്തമായി ഒരു തീരുമാനം ഇവിടെ കൈകൊള്ളുന്നതായി നമുക്ക് മനസിലാക്കുവാൻ സാധിക്കും. ശൗലിനു തന്റെ വഴി

ചൊവ്വായ്തോന്നുന്നു. ഇതിനെയാണ് ഭോഷത്തം എന്ന് വചനം പറയുന്നത്. നിസാരം പോലെ ഒരു തീരുമാനം എടുത്തപ്പോൾ രാജ്യത്വം പോലും ശൗലിനു നഷ്ടമായിത്തീർന്നു.

**1 ശമൂവേൽ 13:13 –14**

ശമൂവേൽ ശൌലിനോടു പറഞ്ഞതു: നീ ചെയ്തതു ഭോഷത്വം; നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ച കല്പന നീ പ്രമാണിച്ചില്ല; യഹോവ യിസ്രായേലിന്മേൽ നിന്റെ രാജത്വം എന്നേക്കുമായി സ്ഥിരമാക്കുമായിരുന്നു. ഇപ്പോഴോ നിന്റെ രാജത്വം നിലനിൽക്കയില്ല; യഹോവ നിന്നോടു കല്പിച്ചതിനെ നീ പ്രമാണിക്കായ്കകൊണ്ടു തനിക്കു ബോധിച്ച ഒരു പുരുഷനെ യഹോവ അന്വേഷിച്ചിട്ടുണ്ടു; അവനെ യഹോവ തന്റെ ജനത്തിന്നു പ്രഭുവായി നിയമിച്ചിരിക്കുന്നു.

പ്രിയമുള്ളവരേ നമ്മുടെ ചില തീരുമാനത്തിനകത്തു അനുസരണക്കേടു കാണിക്കാതെ, ഭോഷന്മാരായി തീരാതെ, ജ്ഞാനിയാകുവാൻ വചനം നമ്മെ ഇന്ന് ഓർമ്മപ്പെടുത്തുന്നു. ആലോചന കേൾക്കുന്നവർ മാത്രമാകുവാനല്ല, അത് അനുസരിക്കുന്നവർ ആകുവാൻ നമുക്ക് കഴിയണം. ശാന്തമായും, സൗമ്യമായും നമ്മെ തന്നെ ദൈവസന്നിദ്ധിയിൽ സമർപ്പിച്ചു ജ്ഞാനം സമ്പാദിക്കുവാൻ സാധിക്കണം.

വിവേകമുള്ള മനുഷ്യൻ പരിജ്ഞാനം അടക്കിവെക്കുന്നു; ഭോഷന്മാരുടെ ഹൃദയമോ ഭോഷത്വം പ്രസിദ്ധമാക്കുന്നു. സദൃശ്യവാക്യങ്ങൾ 12:23

ദാവീദിന്റെ കാര്യം നമുക്ക് അറിയാം, ആലയം പണിയുവാനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തു കഴിഞ്ഞിട്ട് ദൈവത്തോട് വന്നു ആലോചന ചോദിക്കുകയല്ലായിരുന്നു, ക്രമീകരണങ്ങൾ ഒരുക്കുന്നതിന് മുൻപേ, തീരുമാനങ്ങൾ എടുക്കുന്നതിനു മുൻപേ, ഇറങ്ങി പുറപ്പെടുന്നതിനു മുൻപേ, ദൈവത്തോട് ആലോചന ചോദിച്ച് അനുസരിക്കുന്നത് നമുക്ക് അറിയാം. ദൈവം ദാവീദിന് ആലോചന കൊടുത്തു, നീ പണിയത്തില്ല, നിന്റെ തലമുറ അതു പണിയും ആമേൻ. അപ്പോൾ ദാവീദിന് ആ ആലോചന നിരസിക്കാമായിരുന്നു, അനുസരിക്കാതെയിരിക്കമായിരുന്നു എന്നാൽ ദാവീദ് ദൈവത്തെ അനുസരിച്ചു തന്റെ തലമുറയെ ആലയം പണിയുവാനുള്ള ചുമതല പറഞ്ഞു ഏല്പിക്കുന്നതായി വചനം നമ്മെ പഠിപ്പിക്കുന്നു.

പ്രിയരേ ഭോഷനായി തീരാതെ ജ്ഞാനിയായി തീരുവാൻ ദൈവം നമ്മോട് ആഹ്വാനം ചെയ്യുന്നു.

ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും, യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിച്ചു വ്യക്തിപരമായി

ദൈവത്തോട് കൂടുതലായി അടുത്ത് ദൈവലോചന പ്രകാരം അനുസരണയോടെ ഈ ലോകത്തിൽ ജീവിക്കുവാൻമാത്രമല്ല, സ്വർഗ്ഗത്തിന്റെ ഉത്തമ സാക്ഷികളായി, ദൈവമക്കൾ എന്ന വിളിക്കു യോഗ്യമായി ജീവിക്കുവാൻ നമുക്ക് സാധിക്കട്ടെ അതിനായി പരിശുദ്ധാത്മാവ് നമ്മെ വഴിനടത്തുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 015**